# ഒല്ലൂർ, ഒല്ലൂർ പള്ളി, ഒല്ലൂർ ഇടവക

പ്രൊഫ. ജോർജ്ജ് മേനാച്ചേരി

ഏറെ കാര്യങ്ങൾ ഒല്ലൂർ പള്ളിപ്പഴമ വിവരിയ്ക്കുമ്പോൾ പറയേണ്ടതായിട്ടുണ്ട്. എല്ലാ ചരിത്രസംഭവങ്ങളും ഉൾക്കൊള്ളുന്ന ഒരു ലേഖനമെഴുതിത്തരണമെന്നാണ് ഈ പ്രസിദ്ധീകരണത്തിന്റെ സംഘാടകർ ആവശ്യപ്പെട്ടിരിയ്ക്കുന്നത്. അതിന് ഒരു ബൃഹത്ഗ്രന്ഥം തന്നെ രചിയ്ക്കേണ്ടി വരും. അതുകൊണ്ട് ഒല്ലൂരിന്റെയും ഒല്ലൂർ പള്ളിയുടെയും ഒല്ലൂരിടവകയുടെയും അത്ഭുതാവഹമായ അഭിവൃദ്ധിയുടെയും വളർച്ചയുടെയും നാൾവഴിയിൽ നിന്ന് ഏതാനും ചിതറിയ ഏടുകൾ മാത്രം ഇവിടെ പരിശോധിയ്ക്കാം.

**ഒല്ലൂരെന്നപേർ** ഈ പ്രദേശത്തിന് ലഭിച്ചത് ഓല എന്ന പദത്തിൽ നിന്നാണെന്ന് ഷെവലിയർ പൌലോസ് കല്ലൂക്കാരൻ കത്തോലിക്ക വിദ്യാഗ്രഹ ബാലസംഘം എന്ന ഗ്രന്ഥത്തിൽ പറയുന്നുണ്ട്. എന്നാൽ പള്ളിയ്ക്കു സമീപമുണ്ടായിരുന്ന ഒല്ലൂർകാവ് എന്ന അമ്പലത്തിന്റെ പേരിൽ നിന്നാകാം ഒല്ലൂർ ഉണ്ടായതെന്നാണ് ഒല്ലൂർ പള്ളി മാഹാത്മ്യ കാരനായ കാട്ടൂക്കാരൻ കുരിയപ്പൻ അവർകൾ അഭിപ്രായപ്പെട്ടു കാണുന്നത്. ആദ്യം ഒല്ലൂർ ഉണ്ടായ ശേഷമേ ഒല്ലൂരിലെ കാവ് ഉണ്ടാകാനിടയുള്ളു എന്നു തോന്നുന്നു.

അന്തോണീസ് പുണ്യവാന്റെ തിരുസ്വരൂപം പഴുവിൽ നിന്ന് പടിഞ്ഞാറെ അങ്ങാടിയിലെ കടവിൽ കൊണ്ടിറക്കിയപ്പോൾ അതിന്നടുത്തുണ്ടായിരുന്ന ശാസ്താവിന്റെ അമ്പലം കത്തിപ്പോയി. ഏതായാലും ഒല്ലൂരിൽ ക്രൈസ്തവ സാന്നിദ്ധ്യം വർദ്ധിച്ചപ്പോൾ രണ്ടു ക്ഷേത്രങ്ങളും മാളിയേക്കൽ കർത്താക്കൾ പൊളിച്ചെടുത്ത് അന്ന് വിശാലമായ നെൽപ്പാടങ്ങളുടെ ഭാഗമായിരുന്ന ചിയ്യാരം പ്രദേശത്തുകൂടെ ചങ്ങാടത്തിൽ കൂർക്കഞ്ചേരിക്കടുത്തുള്ള തന്റെ താമസസ്ഥലത്തിനടുത്തേയ്ക്ക് മാറ്റിസ്ഥാപിയ്ക്കുകയുണ്ടായി.



**പഴയ നടശാല**

ആരും തിരിഞ്ഞുനോക്കാതിരുന്ന ഒല്ലൂർ പ്രദേശം എങ്ങനെ പരമപ്രധാനമായിത്തീർന്നു? ക്രൈസ്തവ വിത്ത് വളരെ കുറച്ചു മാത്രം മുളച്ചിരുന്ന ഈ പാറപ്പുറത്തിത്ര ഭംഗിയേറും പള്ളിയും ഇടവകയും നിലവിൽ വരാൻ കാരണമെന്ത്?

രാജപ്രീതി, പറങ്കി-ലന്ത മത്സരങ്ങൾ, മിഷണറി വാത്സല്യം, കർമ്മീലത്ത സഭാബന്ധം, തൃശൂർ വികാരിയാത്ത് സ്ഥാപനം, കാനനോല്പന്നങ്ങളുടെ ലഭ്യത, ഗതാഗത സൗകര്യം, കച്ചവടപ്രാധാന്യം, വ്യാവസായികമുന്നേറ്റങ്ങൾ, ഭൂപ്രകൃതി ഇവയാണ് ഒല്ലൂരിനെ അതിശീഘ്രം ഉയർച്ചയിലേയ്ക്ക് നയിച്ച പ്രധാനഘടകങ്ങൾ.

യാഥാസ്ഥിതിക ശക്തികളോട് പടവെട്ടി കൊച്ചിരാജ്യത്തെ വാണിജ്യവ്യാവസായിക പുരോഗതിയിലേയ്ക്ക് നയിച്ച ശക്തൻ തുടങ്ങിയ രാജാക്കന്മാർ തൃശൂരിലെ തേക്കിൻകാട് വെട്ടിവെളുപ്പിച്ചതും, ക്രൈസ്തവരെ അവിടെ കൊണ്ടുവന്നു താമസിപ്പിച്ചതും,



**മുഖവാരം** അഥവാ ഫസേഡ് (1924)

വലിയപള്ളിയ്ക്ക് അനുവാദം കൊടുത്തതും പ്രസിദ്ധമാണല്ലോ. അതിനുമുമ്പ് അതുപോലെയൊക്കെ അരണാട്ടുകരയിലും നടന്നു. അതിനുംമുമ്പ് രാജ്യപുരോഹതിയ്ക്കുവേണ്ടി ക്രൈസ്തവർക്കു ആനുകൂല്യം നല്കിയതും പള്ളി സ്ഥാപിച്ചതും ഒല്ലൂരിലായിരുന്നു – 1718 ൽ.


കൂനൻകുരിശു സത്യം കഴിഞ്ഞ് പത്തുവർഷത്തിനകം 1663-ൽ ഡച്ചുകാർ കൊച്ചിക്കോട്ട കൈവശപ്പെടുത്തിയതോടെ പോർത്തുഗീസ് മിഷണറിമാരെല്ലാം കൊച്ചി വിടേണ്ടിവന്നു. പുത്തൻചിറ താമസമാക്കിയ സഭാദ്ധ്യക്ഷന്മാരിൽപ്പെട്ട ആന്റണി പിമന്റേൽ മെത്രാപ്പോലീത്ത അയച്ചുതന്ന ഡച്ചുഭടന്മാരുടെ സംരക്ഷണയിലാണ് ഒല്ലൂർ പള്ളിയുടെ



**ഒല്ലൂർ പള്ളിയിലെ ചരക്കുകളും ചെമ്പുകളും** (17 എണ്ണമുണ്ട്-1924).

പണി പൂർത്തിയാകുന്നത്. 1722 ജൂൺ 13-നു മെത്രാപ്പോലീത്ത പരിവാരസമേതം സമാഗതനായി പള്ളി വെഞ്ചിരിച്ചു, മാത്രമല്ല വി. അന്തോണീസിന്റെ ദന്തനിർമ്മിതമായ ഒരു രൂപവും പള്ളിയ്ക്കു സമ്മാനിച്ചു. ഈ ഐവറി പ്രതിമ മദ്ബഹയുടെ തെക്കുവശത്തുള്ള ചുമരിലെ അറയിൽ ഉള്ളതായാണ് മനസ്സിലാക്കിയിട്ടുള്ളത്. വെഞ്ചിരിപ്പിന്റെ അവസരത്തിൽ അർണ്ണോസുപാതിരിയും ഒരു ഗംഭീരപ്രസംഗം ചെയ്തുവത്രെ. പതിനെട്ടാം നൂറ്റാണ്ടൊടുവിൽ ടിപ്പുസുൽത്താന്റെ സൈന്യം ഒരുപക്ഷെ കൊച്ചി രാജാവിന്റെ ശക്തിയായ ക്രൈസ്തവരെ ഓടിച്ചുകളയുന്നതിന്നായിട്ടാവാം പള്ളിയ്ക്കു തീ വെയ്ക്കുകയുണ്ടായി. ഒല്ലൂർ പള്ളിയിൽ ഗോവ പദ്രുവാദോ ഭരണവും വരാപ്പുഴ പ്രോപ്പഗാന്ത ഭരണവും മാറിമാറി നിലവിൽ വന്നു. 1863-ൽ വരാപ്പുഴ ഭരണത്തിലായിരുന്ന സിമിത്തേരിയിലെ ചെറിയപള്ളി ബർണദീനോസ് മെത്രാപ്പോലീത്ത സന്ദർശിയ്ക്കുകയും തുടർന്ന് കൽപ്പറമ്പിലെ സെമിനാരി ഒല്ലൂരിൽ മാറ്റി സ്ഥാപിയ്ക്കുകയും ചെയ്തു. ഇക്കാലത്താണ് എൽത്തുരുത്ത് ഗോവേന്ത സ്ഥാപിയ്ക്കാൻ വലിയ സഹായങ്ങൾ ഒല്ലൂർ പള്ളി ചെയ്തുകൊടുത്തതും അയ്യായിരം രൂപ പള്ളിയിൽ നിന്നുതന്നെ സംഭാവന ചെയ്തതും. ലെയൊനാർഡ് മെത്രാനാണ് പള്ളിയിലെ ഞായറാഴ്ച വാഴ്വിന് തുടക്കം കുറിച്ചത്.

കൊച്ചി രാജ്യത്ത് സി.എം.ഐ. സഭയുടെ ആദ്യകാല ഭവനങ്ങളെല്ലാം സ്ഥാപിയ്ക്കുന്നതിൽ പ്രധാന സഹായം ചെയ്തത് ഒല്ലൂർക്കാരായിരുന്നു. 19-ാം നൂറ്റാണ്ടിൽത്തന്നെ നിരവധി ഒല്ലൂർക്കാർ സി.എം.ഐ. സഭയിൽ ചേർന്നിരുന്നു. പടിഞ്ഞാറെ അങ്ങാടിയിൽ നിന്നുതന്നെ നാലിൽ കൂടുതൽ പേർ ആ സഭയിലെ അംഗങ്ങളായിട്ടുണ്ടായിരുന്നു. കർമ്മലീത്താ കന്യാസ്ത്രീ സഭയുടെ വളർച്ചയിലും ഒല്ലൂരിന്റെ സംഭാവന വലുതായിരുന്നുവല്ലോ. ഒല്ലൂർക്കാരായ നൂറുകണക്കിന് യുവതികൾ ആ സഭയിൽ ചേരുകയും അതിന്റെ



**പള്ളിയുടെ പുറകുവശം** (1924). ഷട്ടറുകൾ സ്ഥാപിയ്ക്കുന്നതിനുമുമ്പ്. ആനവാതിൽ കാണാം.

നാനാമുഖമായ വളർച്ചയ്ക്കു നേതൃത്വം നല്കുകയും ചെയ്തു.

തൃശൂർ സഭാദ്ധ്യക്ഷന്മാരായിരുന്ന മെഡ്ലിക്കോട്ട്, മേനാച്ചേരി, വാഴപ്പിള്ളി തിരുമേനിമാരുടെ പ്രത്യേക വാത്സല്യം ഒല്ലൂരിനു ലഭിച്ചിരുന്നു. മെഡ്ലിക്കോട്ടിന്റെ വികാരി ജനറാൾ മുൻ ഒല്ലൂർ പള്ളി വികാരിയായിരുന്ന മാമ്പിള്ളി ഗീവർഗ്ഗീസച്ചനായിരുന്നു. അദ്ദേഹത്തിന്റെ നാല് ആലോചനക്കാരിൽ ഒരാൾ ഒല്ലൂർ വികാരി ആലപ്പാട്ട് പൗലോസച്ചനായിരുന്നു. അദ്ദേഹത്തിന്റെ മറ്റൊരാലോചനക്കാരനും ആദ്യകത്തീഡ്രൽ വികാരിയും ഒല്ലൂർക്കാരനായ മർസിലിനോസ് മേനാച്ചേരിയായിരുന്നു. ഇതിൽനിന്നൊക്കെ തൃശൂർ രൂപതാസ്ഥാപനത്തിനു മുമ്പും പിമ്പുമുള്ള ദശാബ്ദങ്ങളിൽ ഒല്ലൂർപള്ളിയ്ക്കുണ്ടായിരുന്ന മുൻകൈ വിശദമാകുന്നുണ്ടല്ലോ.

മംഗലപ്പുഴ സെമിനാരിപ്പറമ്പ് വാങ്ങിയപ്പോഴും ജാത്യൈക്യ സംഘം ആരംഭിച്ചപ്പോഴും പാറായിൽ അവിരാ തരകന്റെ കൂടെയുണ്ടായിരുന്നത് ഒല്ലൂർ കള്ളിയത്ത് പൊറിഞ്ചുവായിരുന്നു.

ഒല്ലൂരിൽ വെച്ചു നടന്ന ചില മഹായോഗങ്ങൾ എന്റെ ഓർമ്മയിലുണ്ട്. ഒല്ലൂർ പള്ളിയും ഒല്ലൂരിലെ പൗരമുഖ്യരും ചേർന്ന് സംഘടിപ്പിച്ച, പള്ളികെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന, സർക്കാർ ഹൈസ്കൂളിന്റെ രജതജൂബിലിയാണ് അതിലൊന്ന്. അന്ന് കൊച്ചി ദിവാനായിരുന്ന ഡിക്സൻ സായ്വായിരുന്നു പ്രധാന അതിഥി. സ്വാതന്ത്ര്യസമരത്തിന്റെ അക്കാലത്ത് അവിടെ ഒരു ബോംബ് ഭീഷണി ഉണ്ടായത് ഓർക്കുന്നു.

ഒല്ലൂരിൽ വെച്ച് നടന്ന കേരള കത്തോലിക്കാകോൺഗ്രസ് വാർഷികമാണ് മറ്റൊരു പ്രധാനസംഭവം.


അതുപോലെത്തന്നെ ഒല്ലൂർ വെച്ചു നടന്ന ദിവ്യകാരുണ്യ കോൺഗ്രസ്സും മായാത്ത ഓർമ്മയാണ്.



**മൂന്ന് അൾത്താരകൾ.** 1938 ലെ കൊച്ചി ഗവ. യുദ്ധതയ്യാറെടുപ്പ് സോവനീർ.

വിമോചനസമരത്തിൽ ഒല്ലൂരും ഒല്ലൂർക്കാരും വഹിച്ച നിർണ്ണായകപങ്ക് വിസ്മരിയ്ക്കപ്പെടുന്നില്ലേ എന്നു തോന്നിയിട്ടുണ്ട്. ആൾബലം കൊണ്ടും അർത്ഥം കൊണ്ടും വിമോചനസമരത്തിന് ഉണർവ്വും ഉന്മേഷവും നല്കുന്നതിൽ ഒല്ലൂർ പള്ളിയും പള്ളിക്കാരും വഹിച്ച പങ്ക് അതുല്യമായിരുന്നു.

ഏറ്റവും ഒടുവിൽ മനസ്സിൽ തങ്ങിനില്ക്കുന്ന രംഗം എവുപ്രാസ്യമ്മയെ വിതയത്തിൽ തിരുമേനി വാഴ്ത്തപ്പെട്ടവളായി പ്രഖ്യാപിച്ച സന്ദർഭമാണ്. ആ അവസരത്തിൽ ഉയർത്തിയ പന്തലും എത്തിച്ചേർന്ന പതിനായിരങ്ങളും ആഘോഷത്തിമിർപ്പും ഭക്തിപാരവശ്യവുമെല്ലാം തന്നെ ജനങ്ങൾക്ക് ഒല്ലൂരമ്മയോടുണ്ടായിരുന്ന സ്നേഹവായ്പ് എടുത്തുകാട്ടുന്നതായിരുന്നു.



**ഏഴുനില മണിമാളിക** (1924)

*എല്ലാ ഫോട്ടോകളും പ്രൊഫ. ജോർജ്ജ് മേനാച്ചേരിയുടെ ശേഖരത്തിൽ നിന്ന്*



**പ്രധാന അൾത്താര**
(1924-ഹോസ്റ്റൻ)



**പുഷ്പക്കൂട്** : 1924-ലെ ഹോസ്റ്റൻ ഫോട്ടോ.